ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

കേരള സർക്കാർ

നമ്പർ:LSGD/PD/6667/2025-GEA3 തീയതി: 10-04-2025

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ജീവനക്കാര്യം- മുൻ പഞ്ചായത്ത് വകുപ്പിൽ കോഴിക്കോട് കൊടുവള്ളി പെർഫോമൻസ് ആഡിറ്റ് യൂണിറ്റിൽ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ.ബ്രിജ് മോഹൻ.കെ -യുടെ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. പഞ്ചായത്ത് ഡയറക്ടറുടെ 19.09.2024 തീയതിയിലെ LSGD/PD/23852/2024-DEC2 നം ഉത്തരവ്.
2. സ.ഉ(സാധാ)നം.454/2023 തസ്വഭവ തീയതി.22.02.2023
3. പഞ്ചായത്ത് ഡയറക്ടറുടെ 24.10.2017-ലെ ഇ8.12264/17 നമ്പർ ഉത്തരവ്.
4. പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018 ലെ ഉത്തരവ് നം.ഇ5-38675/2017.

കോഴിക്കോട് കൊടുവള്ളി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലെ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതും നിലവിൽ കോഴിക്കോട് കോർപ്പറേഷനിൽ ഹെഡ്ക്ലർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസറുമായ ശ്രീ.ബ്രിജ് മോഹൻ.കെ-യ്ക്ക് സൂചന (2) സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് 23.01.2004 പ്രാബല്യത്തിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് സൂചന(1) പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിച്ചു നല്കേണ്ടതുണ്ട്.

ശ്രീ.ബ്രിജ് മോഹൻ.കെ-യ്ക്ക് 23.01.2004 പ്രാബല്യത്തിലാണ് സീനിയർ ക്ലർക്ക് തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിക്കപ്പെട്ടിട്ടുള്ളത് എന്നതിനാൽ ടിയാളെ 01.01.1990 മുതൽ 10.12.2008 വരെ സീനിയർ ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചവർ ഉൾപ്പെട്ട സൂചന(3) അന്തിമ സീനിയോറിറ്റി പട്ടികയിലാണ് ഉൾപ്പെടുത്തേണ്ടത്. ആയത് പ്രകാരം ശ്രീ.ബ്രിജ് മോഹനെ സൂചന (3) അന്തിമ സീനിയോറിറ്റി പട്ടികയിൽ 23.01.2004 തീയതിയിൽ സ്ഥാനക്കയറ്റം ലഭിച്ചവരോടൊപ്പം ടിയാളുടെ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി ക്രമമായ നം.338/97-99-ന് അനുസൃതമായി ക്രമനം.4311 എം.എസ്.ശ്രീലത, ക്രമനം.4312.പിസുലൈമാൻ എന്നിവർക്കിടയിൽ ക്രമ നം.4311 A ആയി താത്കാലികമായി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 09.07.2012 തീയതിയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചിരുന്നതിൻറെ അടിസ്ഥാനത്തിൽ ശ്രീ.ബ്രിജ് മോഹൻ ഉൾപ്പെട്ടിരുന്ന 2009-2016 കാലയളവിലെ സീനിയർ

ക്ലർക്കുമാരുടെ സൂചന(4) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ ക്രമം നം.862 ൽ നിന്നും ടിയാളുടെ പേര് ഒഴിവാക്കി ക്രമ നം.862 DELETED എന്ന് രേഖപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത താത്കാലിക തീരുമാനത്തിൽ ആക്ഷേപമുള്ള ജീവനക്കാർ ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം തങ്ങളുടെ ആക്ഷേപം ആയത് തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ സഹിതം ഉചിതമാർഗ്ഗേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാളയളവിനുള്ളിൽ ലഭ്യമാകാത്ത ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. ടി കാലയളവിൽ ആക്ഷേപങ്ങൾ ഒന്നും ലഭിക്കാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

Sonia Washington
SENIOR ADMINISTRATIVE OFFICER

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ IEസെക്ഷൻ
3. സിസ്റ്റം സൂപ്പർവൈസർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ശ്രീ.ബ്രിജ് മോഹൻ(ജില്ലാ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് മുഖാന്തിരം)
5. കരുതൽ/അധികം

Signed by Harigopal N S
Date: 10-04-2025 14:53:21